# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൊച്ചാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/2065/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 19/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/2065/2022 തീയ്യതി: 19/11/2022

## കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2021 മുതൽ 16-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെപി രതസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 17-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ.എം ബാലകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. സതീഷ് കുമാർ സി.പി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. എൻ രാജീവൻ, സീനിയർ ഗ്രേ. ഓഡിറ്റർ,
ശ്രീ. വിജേഷ് കെ.കെ, ഓഡിറ്റർ,
ശ്രീമതി. ജിഷ പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശാരദ പട്ടേരിക്കണ്ടി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. പി നാരായണൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷബീന കെ പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ .സുധീഷ് കുമാർ ഒ വി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 01-04-2021 | 19-09-2021 |
| ശ്രീമതി ഷെറിൻ റിഷാദ് എ.കെ | കൃഷി ഓഫീസർ | 20-09-2021 | 18-03-2022 |
| ശ്രീമതി അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 19-03-2022 | 31-03-2022 |
| ഡോ. അബ്ദുൾ റാസിക് ടി | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം,നൊച്ചാട് | 01-04-2021 | 31-03-2022 |
| ഡോ. ചിത്ര അശോക് വി | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വേദ ആശുപത്രി, നൊച്ചാട് | 01-04-2021 | 23-05-2021 |
| ഡോ. എസ്. കവിത | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി ,നൊച്ചാട് | 24-05-2021 | 31-03-2022 |
| ഡോ. റസീന മന്നത്ത് | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പൻസറി,നൊച്ചാട് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ആരിഫ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി ഷഹിൻ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി ഷീന ടി പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി നൈന പി ശിവൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ സതീഷ്കുമാർ സി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷ ഒ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-11-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Vijesh K.K (Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Jisha.P (Auditor, On 21-10-2022) | 1-7 |
| 10 | മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച്<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-8 |
| 11 | ഒക്യുപ്പെൻസിയും കെട്ടിട നമ്പറും ലഭ്യമായ ശേഷം കെട്ടിടത്തിൽ ചട്ടം ലംഘിച്ചുള്ള നിർമ്മാണം നടത്തുന്നു.<br>Written By: Vijesh K.K (Auditor, On 24-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-9 |
| 12 | എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ്-അപാകതകൾ<br>Written By: Jisha.P (Auditor, On 22-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-10 |
| 13 | അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂറുകൾ ഈടാക്കിയില്ല<br>Written By: Jisha.P (Auditor, On 22-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-11 |
| 14 | ഒക്യുപ്പൻസി നൽകുന്ന തീയതിയിലല്ലാതെ കംപ്ലീഷൻ തീയതിയിൽ വസ്തു നികുതി ഈടാക്കുന്നു.<br>Written By: Vijesh K.K (Auditor, On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | 1-12 |
| 15 | ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ പെർമിറ്റ്/ക്രമ വൽക്കരണ/കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള എക്സിസ്റ്റിങ് ഏരിയ സഞ്ചയയിലെ എക്സിസ്റ്റിഗ് ഏരിയയുമായി വലിയ വ്യത്യാസം - വസ്തു നികുതിയിനത്തിൽ വലിയ നഷ്ട സാധ്യത നിലനിൽക്കുന്നു. | 1-13 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | |
| 16 | ഭാഗികമായി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നത് - സമയബന്ധിതമായി നികുതി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന പരിശോധന നടത്താൻ സാധിക്കുന്നില്ല.<br>Written By: Vijesh K.K (Auditor, On 24-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-14 |
| 17 | അജൈവ മാലിന്യ പരിപാലന പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-15 |
| 18 | ഡയാലിസിസ് രോഗികൾക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-16 |
| 19 | പ്രാദേശിക സാമ്പത്തിക വികസന മേഖലയിലെ പദ്ധതി നടപ്പാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-17 |
| 20 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ - ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതും മറ്റ് അപാകതകളും<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-18 |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-19 |
| 22 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-20 |
| 23 | ടെണ്ടർ സ്വീകരിച്ച് സമയപരിധിക്കകം സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-21 |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-22 |
| 25 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-23 |
| 26 | കുടിവെള്ള വൈദ്യുതി ചാർജ്ജ്:പലിശയടക്കം അടവാക്കി<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-24 |
| 27 | സർക്കാർ നിർദ്ദേശം മറികടന്ന് ആർജ്ജിതാവധി സറണ്ടർ ചെയ്തു<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-25 |
| 28 | അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്ത പൊതുമരാമത്ത് പ്രൊജക്ടുകൾ നടപ്പിലാക്കുന്നു.<br>Written By: SathishKumar C P (Asst. Audit Officer, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | 1-26 |
| 29 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-27 |
| 30 | അഗതി രഹിത കേരളം പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-28 |
| 31 | പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി | 1-29 |

| | | |
|---|---|---|
| | നിർവ്വഹിക്കുന്നില്ല<br>Written By: Jisha.P (Auditor, On 22-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | |
| 32 | അങ്കണവാടികൾക്ക് നെയിംബോർഡ് - അധിക തുക ചെലവഴിച്ചു<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-30 |
| 33 | എസ്.എസ്.കെ വിഹിതം വകയിരുത്തിയതിൽ കുറവ്<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-31 |
| 34 | പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്ന് ലഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-32 |
| 35 | തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-33 |
| 36 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 23-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 04-11-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Sini.M.V (Joint Director, On 19-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Jisha.P (Auditor, On 21-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 24-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 19-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 22-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 17-02-2021ലെ 1/1/21ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 26-03-22ലെ 2/1/22ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരമാനം -ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്കു പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 5255000 | 4539002 |
| 150 – സെയിൽ & ഹയർ ചാർജസ് | 240000 | 48832 |
| 180 – മറ്റു വരുമാനം | 2505490 | 71936 |

ബജറ്റ് എസ്റ്റിമേറ്റുകൾ വർക്ക് ഷീറ്റുകളുടെ അടിസ്ഥാനത്തിലല്ല തയാറാക്കിയത്. ഇത് ശരിയായ നടപടി ക്രമമല്ല.

സ്ഥാപന മേധാവികളിൽ നിന്നും പദ്ധതിയേതര ചെലവ് നിർദ്ദേശങ്ങൾ വാങ്ങിയതല്ലാതെ മറ്റ് നടപടികൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ വാർഷിക കണക്ക് തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1) വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള തുകയിൽ 8097737/- രൂപ വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അവ എന്ന്, ഏതിനത്തിൽ ലഭിച്ചുവെന്നും ഓരോയിനത്തിലും എത്ര തുകയുണ്ടെന്നും എത് അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

2) വസ്തു നികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും പഞ്ചായത്ത് ബാങ്ക് അക്കൗണ്ടിൽ യഥാ സമയം (എസ്.ബി.ഐ, ഇ-പെയ്മെന്റ് അക്കൗണ്ട് നം. 67390554080) ക്രെഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 15.02.2022 മുതൽ 31.03.2022 വരെ ഓൺലൈനായി അടവാക്കിയ തുകകൾ താഴെപ്പറയുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ അടവാക്കപ്പെട്ട തുക ഈ കാലയളവിൽ ബാങ്ക് അക്കൌണ്ടിൽ വന്നതായിരിക്കാം വ്യത്യാസത്തിന് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്.

| കാലയളവ് | ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| 15.02.2022 – 31.03.2022 | 10195 | 25438 |

3) ബാലൻസ് ഷീറ്റിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്റ്റുകളിൽ നീക്കിയിരിപ്പായി 1559685/- രൂപയുണ്ട്. എന്നാൽ സംയുക്ത പ്രോജക്റ്റുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 655450/- രൂപയാണ് നീക്കിയിരിപ്പായുള്ളു. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

4) ബാലൻസ് ഷീറ്റ് B-17 പ്രകാരമുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും എല്ലാ മാസങ്ങളിലും റീക്കൺസിലിയേഷൻ നടത്തുന്നില്ല, കൂടാതെ ബാങ്ക് റീക്കൺസിലിയേഷനുകളിലൊന്നിലും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5) ബാലൻസ് ഷീറ്റ് B-17 ലെ കേരള ഗ്രാമീൺ ബാങ്ക് -ലൈഫ് (A/c No. 26528) അക്കൗണ്ടിന്റെ ഓഡിറ്റിന് ലഭ്യമാക്കിയ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31-03-2022ലെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 778273/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് പ്രാകാരം 31-03-2022ലെ

യഥാർത്ഥ നീക്കിയിരിപ്പ് 538273.45/-രൂപയാണ്.

6) B-17പ്രകാരം ട്രഷറി Own Fund VPFA-1-9നമ്പർ അക്കൗണ്ടിൽ 623,344/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇതിന്റെ ട്രഷറി സ്റ്റേറ്റ്മെന്റോ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.എൽ.ജി.ബി ജലനിധി A/c No.32121 ൽ 1324106/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇതിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

7) വാർഷിക കണക്കിലെ B7 സ്റ്റേറ്റ്മെന്റ് പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് ഇനത്തിൽ 1,232,620/-രൂപയുണ്ട്. എന്നാൽ പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധയിനങ്ങളിലായി ലഭ്യമായ ഡെപ്പോസിറ്റുകളുടെ ഒരു വിവരവും പഞ്ചായത്തിൽ കൃത്യമായി കണക്ക് എഴുതി രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതര അപാകതയാണ്.

8) 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചുവടെ കൊടുത്ത ചെക്കുകൾ (Liability Inrespect Of Stale Cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| Voucher No | Voucher Date | Instrument No | Instrument Date | Amount |
|---|---|---|---|---|
| 2210304 | 6-1-21 | 676868 | 6-1-21 | 2000 |
| 22001219 | 31-3-21 | 599636 | 31-3-21 | 2000 |

9) Sale Of Tender Forms ഇനത്തിൽ 1,5200/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

10) വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12) വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 72,097/- രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

13) ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14) CFC ഗ്രാന്റ് Tied, Untied എന്നിവയുടെ വരവ്, ചെലവ് തുകകൾ വാർഷിക കണക്കിലെ RP-7, RP-31 എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,16,72,238.27 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,13,46,293.00 |
| ആകെ | 10,30,18,531.27 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,99,92,221.30 |
| നീക്കിയിരിപ്പ് | 1,30,26,310.00 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14298224 | 14298224 | 14114734 | 183490 | 98.72 |
| വികസന ഫണ്ട് (എസ് സി പി) | 0 | 4871666 | 4871666 | 4871666 | 0 | 100 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 3072000 | 3072000 | 3012966 | 59034 | 98.07 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 7809169 | 7809169 | 7645671 | 163498 | 98 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Tied) ട്രഷറി മുഖേന | | | | | | |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 3129569 | 3129569 | 3013084 | 116485 | 96.27 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) PFMS മുഖേന | 0 | 6948000 | 6948000 | 6802284 | 145716 | 97 |
| മെയിന്റനൻസ്, റോഡ് | - | 15198000 | 15198000 | 14013086 | 1184914 | 92.2 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 5991603 | 5991603 | 4297800 | 1693803 | 71.73 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് (തൊഴിലാളി കളുടെ കൂലി) | 0 | 123675652 | 123675652 | 123675652 | 0 | 100 |
| ഐ.സി. ഡി.എസ് | 619281 | 1339875 | 1959156 | 1600000 | 359156 | 81.67 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരമാണ് പട്ടികയിൽ ഉൾപ്പെടുത്തിയത്.

### 1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 69496160 | 16866979 |
| വികസനഫണ്ട് (എസ്.സി.പി) | 24501457 | 5297000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6448706 | 6035206 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

തൻവർഷം 155 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 131 പ്രോജക്ടുകൾ നടപ്പിലാക്കി. 24 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി | ചെലവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | യിരിപ്പ്/ ലാപ്സായ തുക | % |
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 14298224 | 14298224 | 14114734 | 183490 | 98.72 |
| എസ്.സി.പി. | 0 | 4871666 | 4871666 | 4871666 | 0 | 100 |
| സി.എഫ്.സി (ടൈഡ്) ട്രഷറി മുഖേന | 0 | 7809169 | 7809169 | 7645671 | 163498 | 98 |
| സി.എഫ്.സി (അൺടൈഡ്) ട്രഷറി മുഖേന | 0 | 3072000 | 3072000 | 3012966 | 59034 | 98.07 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 15198000 | 15198000 | 14013086 | 1184914 | 92.20 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 0 | 5991603 | 5991603 | 4297800 | 1693803 | 71.13 |
| സി.എഫ്.സി (ടൈഡ്) ബാങ്ക് മുഖേന | 0 | 6948000 | 6948000 | 6802284 | 145716 | 97.9 |
| സി.എഫ്.സി (അൺടൈഡ്) ബാങ്ക് മുഖേന | 0 | 3129569 | 3129569 | 3013084 | 11648596.27 | 96.27 |

എസ്.സി.പി ഫണ്ട് 100% ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 3284739 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 24 പദ്ധതികൾ താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ

കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 08 |

| | |
|---|---|
| അസി.എഞ്ചിനീയർ | 08 |
| വി.ഇ.ഒ | 03 |
| ഹെഡ്മാസ്റ്റർ | 03 |
| അസി.സെക്രട്ടറി | 01 |
| ഐ.സി.ഡി.എസ് | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

കുറിപ്പ്:- ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാൽ ചെലവിലെ കൃത്യത ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളാണ് മുകളിൽ ഉൾപ്പെടുത്തിയത്.

## 1-6 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ബാങ്ക്, ട്രഷറി എക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രകാശിപ്പിക്കുന്ന മുഴുവൻ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവരാവകാശ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ച പല അപാകതകളും പരിഹരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 2018-19, 2019-20, 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നുവരുന്നു. കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന

നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3651/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി സംബന്ധിച്ച്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. 2019-20, 2020-21 റിപ്പോർട്ടുകളിലെ വരവ് സംബന്ധിച്ച പരാമർശങ്ങളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാതെ, പരിഹരിച്ചു, നടപടി സ്വീകരിച്ചു വരുന്നു തുടങ്ങിയ
മറുപടികൾ നൽകിയതായി കാണുന്നു. മുൻ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ അതെ പോലെ തുടരുന്നതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | ഓഡിറ്റ് പരാമർശം | ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടി | നിലവിലെ അവസ്ഥ |
|---|---|---|---|
| 2019-20, ഖണ്ഡിക 1-10 | വ്യവസായങ്ങൾക്കും വ്യാപാര ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്ന തിനുള്ള നടപടി | നടപടി പൂർത്തിയാക്കി യിട്ടില്ല |

| | | | |
|---|---|---|---|
| | | സ്വീകരിച്ചു വരുന്നു | |
| 2019-20, ഖണ്ഡിക 1-10(2) | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണം | നിലവിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. | ട്രേഡേഴ്സ് ലിസ്റ്റ് അപ്ഡേറ്റ് ചെയ്തിട്ടില്ല |
| 2019-20, ഖ.1-12 (2) | വസ്തു നികുതി - ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയിച്ചില്ല. | നികുതി പുനർ നിർണയി ക്കുന്നതിന് ധാരാളം അപേക്ഷകൾ ലഭിക്കുകയും നികുതി പുനർനിർണയി ക്കുകയും ചെയ്തിട്ടുണ്ട്. | ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ ലിസ്റ്റ് ശേഖരിച്ചിട്ടില്ല. അപാകതകൾ തുടരുന്നു. |
| 2020-21, ഖണ്ഡിക 1-11(2) | മുഴുവൻ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി വരുമാനത്തിനു സൃതമായി തൊഴിൽ | നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | നികുതി ഈടാക്കുന്നതാണ്. | |

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾക്കും സ്ഥാപനം അർഹമായ പ്രാധാന്യം നൽകാത്തതാണ് അപാകതകൾ ആവർത്തിക്കുന്നതിന് കാരണമാകുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9 ഒക്യുപ്പെൻസിയും കെട്ടിട നമ്പറും ലഭ്യമായ ശേഷം കെട്ടിടത്തിൽ ചട്ടം ലംഘിച്ചുള്ള നിർമ്മാണം നടത്തുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 21(1) പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം കെട്ടിട നമ്പർ അനുവദിച്ച ചുവടെ കൊടുത്ത കെട്ടിടങ്ങളിൽ ഓഡിറ്റ് വിഭാഗം 21-10-22ന് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഗുരുതരമായ ചട്ട ലംഘനങ്ങൾ കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീ. വിനോദൻ, ലിജി, വട്ടക്കണ്ടി വീട്, പുറ്റാട്ട്, ചേനോളി എന്നവരുടെ ഉടമസ്ഥതയിലുള്ളതും 2021-22ൽ രണ്ടാം അർദ്ധ വർഷം കെട്ടിട നമ്പർ നൽകിയതുമായ (കെട്ടിട നം. 8/201 B, C, D, E, F, G, H, I) കെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ചുവടെ കൊടുത്ത അപാകതകൾ കണ്ടു.

A) കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് റോഡിൽ നിന്നുള്ള അകലം 3.5 മീറ്ററാണ്. പ്ലാൻ പ്രകാരം സെപ്റ്റിക് ടാങ്ക് നൽകിയിരിക്കുന്നത് കെട്ടിടത്തിന്റെ പുറക് വശത്താണ്. എന്നാൽ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ മുൻവശം രണ്ട് മീറ്ററോളം വീതിയിലും മൂന്ന് മീറ്ററോളം നീളത്തിലും രണ്ട് മീറ്ററോളം ആഴത്തിലും അപകടകരമായ രീതിയിൽ റോഡിനോട് ചേർന്ന് റോഡിൽ നിന്നും നിശ്ചിത അകലം പാലിക്കാതെ സെപ്റ്റിക് ടാങ്കിനായുള്ള വലിയ കുഴി എടുത്തതായി കണ്ടു.

B) 371.71 $M^2$ ഉള്ള കെട്ടിടത്തിന് ആകെ നാല് കാർ പാർക്കിങ്ങാണ് കാണിച്ചിട്ടുള്ളത്. പ്ലാൻ പ്രകാരം മൂന്ന് കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത് ഗ്രൗണ്ട് ഫ്ലോറിൽ ഒന്നാം നിലയ്ക്ക് താഴെയായിട്ടാണ്. എന്നാൽ സ്ഥല പരിശോധനയിൽ ഈ മൂന്ന് കാർ പാർക്കിങ്ങിനായി കാണിച്ച സ്ഥലം അരച്ചുമർ കെട്ടി അടച്ച നിലയിലാണ് കാണുന്നത്. ഇതിനാൽ കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഇല്ലാതായി.

C) സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടത് വശം ആവറേജ് ഓപ്പൺ സ്പേസ് 1.35മീറ്ററാണ്. ഈ ഭാഗം ക്ലോസ്ഡ് വാൾ ആയാണ് പ്ലാൻ പ്രകാരം നൽകിയിരിക്കുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ ഈ ഭാഗം ഓപ്പൺ ആക്കിയതായും കെട്ടിടത്തോട് ചേർന്ന് അനുമതിയില്ലാതെയും നിശ്ചിത അളവുകൾ പാലിക്കാതെയും ഇരുമ്പ് തൂണുകളുള്ള മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതായും കണ്ടു. പെർമിറ്റ് എടുത്തിട്ടല്ല ഈ നിർമ്മാണം നടത്തുന്നത്.

D) കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ഓപ്പൺ ഹാളായും ഷട്ടർ നൽകിയതായും കാണിച്ച ഭാഗങ്ങൾ ക്ലോസ് ചെയ്യുകയും മതിൽ കെട്ടി തിരിച്ചതായും കണ്ടു.

2) ശ്രീമതി. നളിനി, എടത്തിൽ, വാകയാട് എന്നവരുടെ ഉടമസ്ഥതയിലുള്ളതും 2021-22 രണ്ടാം അർദ്ധ വർഷം മുതൽ കെട്ടിട നമ്പർ നൽകി നികുതി കണക്കാക്കിയതായ (8/286 B, C, D, E, F- 108.01 $M^2$) കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് റോഡിലേയ്ക്കുള്ള അകലം കാണിച്ചിരിക്കുന്നത് 4.2 മീറ്ററാണ്. എന്നാൽ സ്ഥല പരിശോധനയിൽ റോഡിനോട് ചേർന്ന് റോഡിൽ നിന്നും നിശ്ചിത അകലം പാലിക്കാതെ കെട്ടിടത്തിന്റെ മുകൾ നിലയിൽ ട്രസ്സ് വർക്ക് ചെയ്തതായി കണ്ടു.

മേൽ പരാമർശിച്ച അനധികൃത നിർമ്മാണം അടിയന്തിരമായി നിർത്തി വെക്കേണ്ടതും ഇവ അനധികൃത കെട്ടിടമായി കണ്ട് കെട്ടിടത്തിന്റെ കെട്ടിട നമ്പർ യു.എ നമ്പറാക്കേണ്ടതും മൂന്ന് ഇരട്ടി വസ്തു നികുതി ഈടാക്കി ഈ കെട്ടിടങ്ങളിൽ മറ്റ് ലൈസൻസുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ റദ്ദ് ചെയ്യേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഒക്യുപ്പൻസി ലഭ്യമായി വസ്തു നികുതി അടവാക്കി ഒരു വർഷത്തിനുള്ളിൽത്തന്നെ മേൽ പരാമർശിച്ച പ്രാകരം കെട്ടിടങ്ങൾ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് ആവശ്യമായ അളവുകൾ പാലിക്കാതെ കെട്ടിടത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി അനധികൃത നർമ്മാണമാക്കുന്നത് വളരെ ഗൗരവതരമായി ഓഡിറ്റ് കാണുന്നു. ഇത്തരം അനധികൃത നിർമ്മാണങ്ങൾ തുടരുമ്പോഴും പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ സഞ്ചയ പ്രകാരം ആകെ ഒരു കെട്ടിടത്തിന് മാത്രമാണ് യു.എ നമ്പർ നൽകിയിരിക്കുന്നത് എന്ന് കാണുന്നു. ഓഡിറ്റ് വിഭാഗം മേൽ പരാമർശിച്ച ആകെ രണ്ട് കെട്ടിട നിർമ്മാണ ഫയലുകൾ മാത്രമാണ് 21-10-22ന് സ്ഥല പരിശോധന നടത്തിയത്. ഇവ രണ്ടിലും ഗുരുതരമായ ചട്ട ലംഘനങ്ങൾ കാണാൻ സാധിച്ചു. ഇതിൽ നിന്നും മറ്റ്

നിർമ്മാണ ഫയലുകളിൽ ഇത്തരം ഘടനാപരമായി മാറ്റം വരുത്താനുള്ള സാധ്യത വളരെ കൂടുതലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനാൽ രണ്ട് വർഷം മുൻപ് ഒക്യുപ്പൻസി നൽകി കെട്ടിട നമ്പർ അനുവദിച്ചതും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 21(1) ൽ പരാമർശിക്കുന്നതുമായ തരം കെട്ടിടങ്ങളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക മേൽനോട്ടം ഉണ്ടാവേണ്ടതും ഭരണസമിതി അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇത്തരം കെട്ടിട നിർമ്മാണങ്ങളിലെ എൽ.ബി.എസ്സുമാർക്ക് നോട്ടീസ് നൽകാവുന്നതും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി പഞ്ചായത്തിൽ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന എല്ലാ എൽ.ബി എസ്സുമാരെയും ഉൾപ്പെടുത്തി യോഗം വിളിച്ച് ചേർക്കാവുന്നതും ഇത് സംമ്പന്ധിച്ച് കർശന നിർദ്ദേശം നൽകാവുന്നതുമാണ്.

പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-10 എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ്-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ എത്ര പേർ ലൈസൻസ് എടുക്കാനുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17.9.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/2021-22ന് സമർപ്പിച്ച മറുപടി പ്രകാരം 2020-21 ൽ 430 ലൈസൻസ് അപേക്ഷകളുണ്ടായിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷം 634

കെട്ടിടങ്ങളിലായി 453 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ തന്നെ 2021-22 വർഷം ലൈസൻസ് പുതുക്കുന്നതിനായി ആകെ 116 പേരാണ് മുൻകൂറായി ഫീസടച്ചത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതും ഡിമാന്റ് പൂർത്തിയാക്കാത്തതും സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് പൂർണ്ണമാക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

2020-21 ഓഡിറ്റ് റിപ്പോർട്ടിലെ ഖ.1-12(1) ൽ വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതിക പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നിർദ്ദേശിച്ചിരുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിരുന്നെങ്കിലും നിലവിൽ ഡിമാന്റ് പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ പ്രാവർത്തികമായിട്ടില്ല.

ഖ.1-12(2) ൽ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നതെന്നും നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതും പരാമർശിച്ചിട്ടുണ്ട്. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്ന എന്നും ഇതേ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന് ട്രേഡ്ഴ്സ് ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് വരുന്നുണ്ട് എന്ന് മറുപടി നൽകിയെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-11 അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂറുകൾ ഈടാക്കിയില്ല

വാർഷിക കണക്ക് B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 3000/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക- 34) പരാമർശിച്ചിട്ടും ഇത് നാളിതുവരെ ഈടാക്കിയിട്ടില്ല. അനുവദനീയമായ അഡ്വാൻസ് തിരിച്ചടവ് കാലാവധി അവസാനിച്ചതു മുതൽ

നാളിതുവരെ തിരിച്ചടവാക്കിയ തുകയുടെത് ഉൾപ്പടെ പിഴ കണക്കാക്കി അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപന മേധാവിയ്ക്ക് നോട്ടീസ് അയയ്ക്കേണ്ടതും തുക ഈടാക്കി നൊച്ചാട് പഞ്ചായത്തിൽ അടവാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ B-18 പ്രകാരം തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ചെലവിനത്തിൽ 1851174/- രൂപ കിട്ടാനായി അവശേഷിക്കുന്നു. മുൻവർഷങ്ങളിലെ ഈ ഇനത്തിലെ കുടിശ്ശികയുൾപ്പടെ കിട്ടാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ ഓഡിറ്റ് പിരീഡ് വരെ 666850/- രൂപയാണ് വരവ് വന്നിട്ടുള്ളത്.

1-12 ഒക്യുപ്പൻസി നൽകുന്ന തീയതിയിലല്ലാതെ കംപ്ലീഷൻ തീയതിയിൽ വസ്തു നികുതി ഈടാക്കുന്നു.

സർക്കാർ ഉത്തരവ് നം. RC2/100/2020 ത.സ്വ.ഭ.വ, തീ. 03/05/2020 പ്രകാരം അപാകതയില്ലാത്ത അപേക്ഷകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി പരിശോധനാ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഒക്യുപ്പെൻസി നൽകേണ്ടതാണ്. ഒക്യുപ്പെൻസി നൽകുന്ന തീയതി മുതൽക്ക് മാത്രമേ വസ്തു നികുതി ഈടാക്കാവൂ എന്നും പറയുന്നു. എന്നാൽ സർക്കാർ ഉത്തരവ് ഇറങ്ങി ഒന്നര വർഷത്തോളമായിട്ടും പഞ്ചായത്തിലെ വസ്തു നികുതി കണക്കാക്കി ഈടാക്കി വരുന്നത് കെട്ടിട ഉടമ നൽകുന്ന കംപ്ലീഷൻ തീയതി അടിസ്ഥാനമാക്കിയാണ്. കെട്ടിട ഉടമ നമ്പറിംഗ് അപേക്ഷ സമർപ്പിച്ച് ഒക്യുപ്പൻസി ലഭ്യമാവാൻ കാലതാമസമുണ്ടാവുന്ന ഫയലുകളിൽ ഇതിനാൽ കെട്ടിട ഉടമ അധിക നികുതി അടക്കേണ്ടതായ സാഹചര്യം ഓഡിറ്റ് കാലയളവ് വരെയും ഉണ്ടായിട്ടുണ്ട്. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഒക്യുപ്പെൻസി നൽകേണ്ടതാണ് എന്ന് ചട്ടത്തിൽ പറയുന്നുണ്ടെങ്കിലും മിക്ക അപേക്ഷകളിലും ഒക്യുപ്പെൻസി സമയബന്ധിതമായി നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായത് ഒരു അർദ്ധ വർഷത്തിന്റെ ഒടുവിലത്തെ രണ്ട് മാസങ്ങൾക്കുള്ളിൽപ്പെടുകയാണെങ്കിൽ കെട്ടിട ഉടമയ്ക്ക് ആ അർദ്ധ വർഷത്തെ നികുതി ഇളവ് കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ് എന്ന് പറയുന്നു. എന്നാൽ ഈ ഇളവ് ഓഡിറ്റ് കാലയളവ് വരെയും വസ്തു നികുതി നിർണ്ണയിച്ച ഒരു കെട്ടിടത്തിനും നൽകിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിനുള്ള തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

1-13 ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ പെർമിറ്റ്/ക്രമ വൽക്കരണ/കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള എക്സിസ്റ്റിങ് ഏരിയ സഞ്ചയയിലെ എക്സിസ്റ്റിഗ് ഏരിയയുമായി വലിയ വ്യത്യാസം - വസ്തു നികുതിയിനത്തിൽ വലിയ നഷ്ട സാധ്യത നിലനിൽക്കുന്നു.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടം,

ചട്ടം 17 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗ ക്രമത്തിലും മറ്റം വരുത്തുന്ന സംഗതിയിൽ ഇക്കാര്യം മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാ മൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 11ാം ചട്ട പ്രകാരം പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം കെട്ടിട ഉടമ ചെയ്യാത്ത പക്ഷം സെക്രട്ടറിക്ക് കെട്ടിട ഉടമയുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തു നികുതി നിർണ്ണയം മൂലമുണ്ടാകുന്ന വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്.

എന്നാൽ പഞ്ചായത്തിലെ 2021-22 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ / ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ പ്രകാരം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ പെർമിറ്റ്/ക്രമവൽക്കരണ/കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്ലാനിൽ കാണിച്ച എക്സിസ്റ്റിംഗ് ഏരിയയും പ്രസ്തുത എക്സിസ്റ്റിംഗ് കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കാനായി സഞ്ചയയിൽ കൊടുത്തിരിക്കുന്ന ഏരിയയും തമ്മിൽ വലിയ വ്യത്യാസം ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നിർമ്മാണ ക്രമവൽക്കരണ അപേക്ഷയിലെ എക്സിസ്റ്റിംഗ് ഏരിയ സഞ്ചയയിലെ എക്സിസ്റ്റിംഗ് ഏരിയയുമായി വ്യത്യാസം കണ്ട രണ്ട് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

A) ശ്രീ.കുഞ്ഞബ്ദുള്ള, റഷീദ്, കൊടക്കൽ മീത്തൽ, ചാരിൻമേൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/430 H, 11/430 I എന്നീ നമ്പർ കെട്ടിടങ്ങളുടെ ക്രമ വൽക്കരണ അപേക്ഷ പ്രകാരം 2021-22 -ൽ കെട്ടിടം ക്രമ വൽക്കരിക്കുകയും കെട്ടിട നികുതി കണക്കാക്കി നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ക്രമവൽക്കരണ അപേക്ഷ പ്രകാരം ഫസ്റ്റ് ഫ്ലോറിൽ 208.82 ചതുരശ്ര മീറ്റർ ക്രമവൽക്കരിക്കാനാണ് അപേക്ഷ നൽകിയിരിക്കുന്നത്. പ്ലാൻ പ്രകാരം കെട്ടിടം ആകെ 647.29ച.മീ ആണുള്ളത്. ഇതിൽ എക്സിസ്റ്റിംഗ് ഏരിയയായി പ്ലാനിൽ കാണിച്ചിരിക്കുന്നത് 438.47ച.മീ ആണ്. എന്നാൽ സഞ്ചയ പ്രകാരം ഈ കെട്ടിട ഉടമസ്ഥരുടെ പേരിൽ പ്രസ്തുത കെട്ടിടത്തിൽ എക്സിസ്റ്റിങ്ങായി നിലവിലുള്ളത് 11/430A, B, C, D, E, F, G എന്നീ നമ്പർ മുറികളാണ്. ഇവയുടെ ആകെ ഏരിയ സഞ്ചയ പ്രകാരം 288.65 ച.മീ ആണ്. കൂടാതെ ക്രമവൽക്കരിച്ചിരിക്കുന്നത് 208.82$M^2$ഉം. അതായത് നിലവിൽ 647.29$M^2$ഉള്ള കെട്ടിടത്തിന് നികുതി കണക്കാക്കിയിരിക്കുന്നത് (288.65+208.82) = 497.47$M^2$ -ന് മാത്രമാണ്. അതായത് ഈ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയപ്പോൾ 149.82 ച.മീറ്ററിന് നികുതി കണക്കാക്കിയിട്ടില്ല എന്ന് വ്യക്തമാണ്.

B) ശ്രീ.സരിത്ത് മുതൽ നാല് പേർ, സൗഭാഗ്യ(H), നടുവത്തൂർ എന്നിവരുടെ ഉടമസ്ഥതയിൽ 12/358 Q മുതൽ Z വരെയും 12/358 AA എന്നീ നമ്പർ കെട്ടിടങ്ങൾക്ക് 2021-22ൽ വസ്തു നികുതി കണക്കാക്കി നൽകിയതാണ്. കംപ്ലീഷൻ പ്ലാനിലെ സൈറ്റ് പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ഇവരുടെ ഉടമസ്ഥതയിൽ തന്നെ 12/358A മുതൽ P വരെ മറ്റൊരു എക്സിസ്റ്റിംഗ് കെട്ടിടം നില നിൽക്കുന്നതായി

കാണിച്ചിട്ടുണ്ട്. സൈറ്റ് പ്ലാനിൽ ഏരിയാ കാൽക്കുലേഷൻ നൽകിയിരിക്കുന്നത് പ്രകാരം ഈ എക്സിസ്റ്റിംഗ് കെട്ടിടം 1868.67 $M^2$ ഉണ്ട് എന്ന് പറയുന്നു. എന്നാൽ സഞ്ചയ പരിശോധിച്ചപ്പോൾ 12/358A മുതൽ P വരെയുള്ള ഈ എക്സിസ്റ്റിംഗ് കെട്ടിടത്തിന് ആകെ 1731.53 ച.മീറ്ററാണ് വസ്തു നികുതി കണക്കാക്കാനെടുത്തിരിക്കുന്നത്. അതായത് ഈ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയപ്പോൾ 137.14 ച.മീറ്ററിന് നികുതി കണക്കാക്കിയിട്ടില്ല എന്ന് വ്യക്തമാണ്.

ക്രമവൽക്കരണ അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തിയപ്പോഴോ വസ്തു നികുതി കണക്കാക്കിയപ്പോഴോ എക്സിസ്റ്റിംഗ് ഏരിയയിലെ വ്യത്യാസം പരിശോധിക്കപ്പെട്ടിട്ടില്ല. ഇത് വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് വലിയ തുക നഷ്ടം വരാനിടയാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് നഷ്ടം കണക്കാക്കി ഈടാക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്.

2) പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള പെർമിറ്റുകളുടെ പരിശോധനയിൽ ധാരാളം പെർമിറ്റുകൾ നിലവിലെ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനായി പ്ലാൻ സമർപ്പിച്ചതായി കണ്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കലിനായി സമർപ്പിച്ച അപേക്ഷാ ഫയലുകളുടെ പരിശോധന നടത്തിയപ്പോൾ പെർമിറ്റ് അപേക്ഷകളിലെ എക്സിസ്റ്റിംഗ് കെട്ടിടത്തിന്റെ അളവും സഞ്ചയ പ്രകാരം എക്സിസ്റ്റിംഗ് കെട്ടിടത്തിന് നികുതി കണക്കാക്കിയ ഏരിയയും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതായി കണ്ടു. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| കെട്ടിട ഉടമ | പെർമിറ്റ് നം / ഫയൽ നം | എക്സിസ്റ്റിഗ് ഏരിയ (പ്ലാൻ പ്രകാരം) | എക്സിസ്റ്റിഗ് ഏരിയ (സഞ്ചയ പ്രകാരം) | വ്യത്യാസം/കുറവ് |
|---|---|---|---|---|
| ഇബ്രായി | A3-BA 138245/22 DTD 26-4-22 | 440 $M^2$ | 138.84 $M^2$ | 301.16 $M^2$ |
| കുഞ്ഞാമി & കുഞ്ഞാമി | A3-BA-274958/21 DTD 12-11-21 | 204.88 $M^2$ | 140 $M^2$ | 64.88 $M^2$ |

| | | | | |
|---|---|---|---|---|
| നിഷാ കുമാരി | A3-<br>BA-112511/22<br>DTD 29-03-22 | 93.05 $M^2$ | 24 $M^2$ | 69.05 $M^2$ |
| ശശികുമാർ.എം | A3/100/22<br>DTD 28-1-22 | 103.65 M2 | 74 $M^2$ | 29.65 $M^2$ |
| നഫീസ | A3-3239/21<br>DTD 15-07-21 | 113.7 $M^2$ | 48.22 $M^2$ | 65.48 $M^2$ |
| അസ്സയിനാർ | A3-2390/21<br>DTD 30-4-21 | 113.13 $M^2$ | 68 $M^2$ | 45.13 $M^2$ |
| പദ്മാവതി | A3-754/22<br>DTD 19-2-22 | 96.76 $M^2$ | 58 $M^2$ | 38.76 $M^2$ |

പഞ്ചായത്തിൽ 2021-22-ൽ പെർമിറ്റ്/ക്രമവൽക്കരണ/കംപ്ലീഷൻ അനുവദിച്ച കുറച്ച് ഫയലുകൾ മാത്രമാണ് ഓഡിറ്റ് വിശദ പരിശോധന നടത്തിയത്. ഇതിൽ നിന്നുതന്നെ മേൽ പരാമർശിച്ച പ്രകാരം വലിയ അളവിൽ പഞ്ചായത്തിന് വസ്തു നികുതി നഷ്ടം സംഭവിച്ചതായി കാണുന്നു. ഇപ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകളിൽ എക്സിസ്റ്റിംഗ് ഏരിയ യഥാർത്ഥത്തിലുള്ളതിലും കൂടുതൽ കാണിച്ച് വസ്തു നികുതിയും പെർമിറ്റ്/ക്രമവൽക്കരണ ഫീയും കുറച്ച് കണക്കാക്കപ്പെടുകയും ചെയ്യാനുള്ള സാധ്യത വളരെ കൂടുതലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് 2019-20 -ലെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-12 (2) ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ ലിസ്റ്റ് ഓഡിറ്റ് പിരീഡ് വരെയും ശേഖരിച്ചിട്ടില്ല. ഇതിനാൽ നാളിതുവരെ ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്ത കെട്ടിട നിർമ്മാണ/ക്രമവൽക്കരണ അപേക്ഷകൾ പുനപ്പരിശോധിച്ച് എക്സിസ്റ്റിംഗ് ഏരിയിലെ കുറവ് വന്ന നികുതി കണക്കാക്കി കെട്ടിട ഉടമയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച എല്ലാ കെട്ടിടങ്ങളുടെയും എക്സിസ്റ്റിംഗ് ഏരിയയുടെ നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

അപാകത ആവർത്തിക്കാതിരിക്കാനായി ഘടനാപരമായി മാറ്റം വരുത്തുന്നതോ കൂട്ടിച്ചേർക്കുന്നതോ ആയ ഏതൊരു കെട്ടിടത്തിന്റെയും കെട്ടിട നിർമ്മാണ പെർമിറ്റ്/കംപ്ലീഷൻ/ക്രമവൽക്കരണ അപേക്ഷകിളിൽ എക്സിസ്റ്റിംഗ് ഏരിയയായി കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഭാഗത്തിന് പഞ്ചായത്തിലെ വസ്തു നികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ അതേ ഏരിയ തന്നെയാണ്

എക്സിസ്റ്റിങ്ങായി കാണിച്ചിരിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും അല്ലാത്ത പക്ഷം പ്ലാൻ മാറ്റി ലഭ്യമാക്കുകയോ അധിക നിർമ്മാണം ചട്ടപ്രകാരമാണെങ്കിൽ ഫീ ഈടാക്കി ക്രമവൽക്കരിക്കുകയോ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണത്തിന് മുൻപും അതിന് ശേഷവും കെട്ടിട നിർമ്മാണം പൂർത്തിയായതും കെട്ടിട നമ്പർ ലഭ്യമായതുമായ കെട്ടിടങ്ങളിൽ പല കാലഘട്ടങ്ങളിലായി ഘടനാപരമായി മാറ്റം വരുത്തുകയും എന്നാൽ പഞ്ചായത്തിൽ ഈ മാറ്റം സംബന്ധിച്ച് പ്ലാൻ സമർപ്പിക്കാതെയും നികുതി പരിഷ്കരിക്കാതെയുമായി ധാരാളം കെട്ടിടങ്ങൾ ഉണ്ടാവാൻ സാധ്യത നിലനിൽക്കുന്നുണ്ട് എന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. ഇതിനാൽ പഞ്ചായത്തിലെ നികുതി ഉപനികുതി എന്നിവ ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ കെട്ടിടങ്ങളും പുന:പരിശോധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഇതിനായി പ്രത്യേക അനുമതി വാങ്ങി പദ്ധതി ആവിഷ്കരിക്കാവുന്നതും നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവരെ പദ്ധതിയുടെ ഭാഗമായി നിയമിച്ച് കെട്ടിടങ്ങളുടെ അളവെടുക്കുന്നതിന് ചുമതലപ്പെടുത്തി അധിക നിർമ്മാണങ്ങൾ കണ്ടെത്താവുന്നതും ഇവയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിച്ച് നികുതി പരിഷ്കരിക്കാവുന്നതും മുഴുവൻ ഡിമാന്റും പഞ്ചായത്ത് നികുതി പരിധിയിൽ ഉൾപ്പെട്ടു എന്ന് ഉറപ്പ് വരുത്താവുന്നതുമാണ്.

1-14 ഭാഗികമായി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നത് - സമയബന്ധിതമായി നികുതി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന പരിശോധന നടത്താൻ സാധിക്കുന്നില്ല.

പഞ്ചായത്തിൽ നിന്നും വലിയ ഏരിയയിലുള്ള കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് എടുക്കുകയും എന്നാൽ ഭാഗികമായി പൂർത്തിയാക്കി ഭാഗികമായി ഒക്യുപ്പെൻസി വാങ്ങി നമ്പർ വാങ്ങുകയും ചെയ്യുന്ന കെട്ടിടങ്ങളുടെ പിന്നീട് പൂർത്തീകരിക്കുന്ന ഭാഗത്തിന് കൃത്യ സമയത്ത് നികുതി കണക്കാക്കാതെ പോവാനുള്ള സാധ്യത നിലനിൽക്കുന്നു.

ചുവടെ കൊടുത്ത കെട്ടിടങ്ങൾ ഭാഗികമായി പൂർത്തീകരിച്ചവയാണ്.

| പൂർത്തീകരിച്ച് നമ്പർ നൽകിയ കെട്ടിട നം | ആകെ പെർമിറ്റ് നൽകിയ ഏരിയ | പൂർത്തീകരിച്ച ഏരിയ | പൂർത്തീകരിക്കാൻ ബാക്കിയുള്ള ഏരിയ |
|---|---|---|---|
| 2/249A മുതൽ U | 856.92 $M^2$ | 431.17 $M^2$ | 425.75 $M^2$ |

| | | | |
|---|---|---|---|
| വരെ | | | |
| 17/425 E | 678.57 $M^2$ | 222.39 $M^2$ | 456.18 $M^2$ |
| 5/404A,B,C | 188.6 $M^2$ | 97.95 $M^2$ | 90.65 $M^2$ |

മേൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചാൽ സമയ ബന്ധിതമായി പഞ്ചായത്തിൽ കംപ്ലീഷൻ പ്ലാൻ തരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. കൂടാതെ വാർഡ് ചുമതലയുള്ള ക്ലാർക്കുമാർ ഇത്തരം കെട്ടിടങ്ങൾ റിപ്പോർട്ടു ചെയ്യുന്നുമില്ല. പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ഇവ പരിശോധിക്കാവുന്ന തരത്തിലല്ല എഴുതി പോരുന്നത്. കൂടാതെ പെർമിറ്റ് എടുക്കുകയും കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കാത്തവയുമായ കെട്ടിടങ്ങളെ കണ്ടെത്തുന്നതിനും നിലവിൽ സംവിധാനമില്ല.

ഇത്തരം കെട്ടിടങ്ങൾ വസ്തു നികുതിയിൽ നിന്നും ഒഴിവായിപ്പോവാനുള്ള സാധ്യത മുൻനിർത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കാവുന്നതും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താവുന്നതുമാണ്. ഇത് സംമ്പന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-15 അജൈവ മാലിന്യ പരിപാലന പദ്ധതി നടത്തിപ്പിലെ അപാകതകൾ

അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | വി.ഇ.ഒ |
|---|---|
| പ്രോജക്റ്റ് നം. | 77/22 |
| അടങ്കൽ | 479756 |
| ഫണ്ട് | CFC |
| ചെലവ് | 429756 |
| ബിൽനം. തി. | 275/29.10.21 |

ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനായി നിർവ്വഹണം നടത്തിയ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി വർഷം ക്ലീൻ കേരള കമ്പനിയുമായി അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം 36420 കി.ഗ്രാം അജൈവമാലിന്യം നീക്കം ചെയ്തതിന് മേൽ സൂചിപ്പിച്ച തുക നൽകിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക

നൽകുകയാണുണ്ടായത്. എന്നാൽ ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, നിർവ്വഹണ ഉദ്യോഗസ്ഥനോ മാലിന്യത്തിന്റെ തൂക്കം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിനായ സ്ഥാപിച്ച എം.സി.എഫി ൽ വെച്ച് ഹരിത കർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക് തരം തിരിച്ചതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇത് ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വില ഇതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തരം തരിച്ച് നൽകിയ പ്ലാസ്റ്റിക്കിന്റെ തൂക്കം സംബന്ധിച്ച് വ്യക്തതയില്ല.

3. സ.ഉ.(സാധാ) നം.1496/20/തസ്വഭവ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ കൂട്ടായ്മയായ കൺസോർഷ്യം രൂപീകരിച്ചാണ് ഹരിത കർമ്മസേന പ്രവർത്തിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ കൺസോർഷ്യം രൂപീകരിച്ചിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ കഴിയുന്നില്ലെന്ന് ഹരിത കർമ്മസേനാംഗങ്ങൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. യൂസർ ഫീ പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രശീതികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രശീതി പ്രസ്സിൽ നിന്ന് അച്ചടിച്ചതിന്റെ ഇൻഡന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കളക്ഷൻ തുകകൾ വൈകിയാണ് ബേങ്കിൽ അടയ്ക്കുന്നത്

6. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21-22/21.10.22) മറുപടി നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 429756/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-16 ഡയാലിസിസ് രോഗികൾക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല

ഡയാലിസിസ് രോഗികൾക്ക് മരുന്ന വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച്.സി |
| പ്രോജക്ട് നം. | 84/22 |
| അടങ്കൽ | 250000/- |
| ഫണ്ട് | എം.ജി.(എൻ. ആർ) |

| | |
|---|---|
| ചെലവ് | 249938/- |
| ബിൽനം. തി. | 913/22/30.10.21 |

ഡയാലിസിസ് രോഗികൾക്കുള്ള Erythropoietin, I Max S ING എന്നീ രണ്ട് തരം മരുന്നുകൾ കെ.എം.എസ്.സി.എൽ ൽ നിന്ന് വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 15.09.2022 വരെ Erythropoietin 590 ഡോസുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. എന്നാൽ 1200 ഡോസുകൾക്കാണ് ഓർഡർ നൽകിയത്. മരുന്ന് ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21-22/21.10.22) മറുപടി നൽകിയിട്ടില്ല. തുക കാമാറി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാക്കാൻ ശ്രമിക്കാത്തത് ഗുരുതര വീഴ്ചയാണ്. രോഗികൾക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും ഓർഡർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

1-17 പ്രാദേശിക സാമ്പത്തിക വികസന മേഖലയിലെ പദ്ധതി നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലയിൽ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കിയിട്ടില്ല. തുടർച്ചയായ വർഷങ്ങളിൽ ഈ പ്രവണത ആവർത്തിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/21-22/21.10.22) മറുപടി സമർപ്പിച്ചിട്ടില്ല. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ - ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിൽ 2016 മുതൽ ബി. ആർ.സി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതിന് ആവശ്യമായ ജീവനക്കരെ നിയമിച്ചിട്ടില്ല. സ.ഉ (കൈ) നം.22/2018 തസ്വഭവ തി.14.02.2018 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.7.1.8 (4) ൽ ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച്

തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. 2022 മുതൽ സ്ഥാപനം സ്വന്തമായ പുതിയ ബിൽഡിംഗിൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇവിടെ 16 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. 28 കുട്ടികൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും മുഴുവൻ പേരും സ്ഥാപനത്തിൽ എത്തുന്നില്ല. നിലവിൽ ഒരു ടീച്ചറും ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ മാനസികവൈകല്ല്യമുള്ള 55 കുട്ടികളുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് മുഴുവൻ ബി. ആർ.സി യുടെ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടുംബശ്രീ മിഷനിൽ നിന്നും 12,50,000/- രൂപ ലഭിച്ചെങ്കിലും ഈ തുകയിൽ നിന്ന് നാളിതുവരെ 10,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക ഇപ്പോഴും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ബി.ആർ.സി യിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതിരിക്കേ, ഇതിന് ലഭ്യമാക്കിയ തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. 2020 ആഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെയുള്ള കാലയളവിൽ ബഡ്സ് സ്കൂൾ ടീച്ചർക്കും ഹെൽപ്പർക്കും ഓണറേറിയം കൊടുത്തിട്ടില്ല. കോവിഡ് കാലയളവിലെ ഓണറേറിയം തടഞ്ഞു വെച്ചതിന്റെ കാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/21-22/21.10.22) മറുപടി നൽകിയിട്ടില്ല. ബി.ആർ.സി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-19 ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം എസ്.സി | 19/22 | 23472965 | 7806365 |

ലൈഫ് പദ്ധതിയിൽ 32 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകേണ്ടത്. പ്രവർത്തി ആരംഭിച്ചതിൽ 16 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 6 ഗുണഭോക്താക്കൾ ഇതുവരെ ബേസ്മെന്റ് പ്രവൃത്തി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ഈ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| ഷീന രതീഷ്.പരത്തിക്കുന്നുമ്മൽ | 40000 |

| | |
|---|---|
| ശ്രീപ്രിയ ഷാജു.തിരുമംഗലത്ത് മീത്തൽ | 40000 |
| കല്ല്യാണി. ഷാപ്പുള്ള പറമ്പിൽ | 40000 |
| രേഷ്മ അഖിൽ, വണ്ണത്താൻകണ്ടി | 80000 |
| ഉണ്ണിമായ അബിൻ, കിഴക്കേ കേളോത്ത് | 40000 |
| റീജ സന്തോഷ്, കൊട്ടാരക്കൽ. | 40000 |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/21-22/21.10.22) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ പ്രോജക്ട് നമ്പർ 70/22 പ്രകാരം എല്ലാ വീട്ടിലും പച്ചക്കറി തൈ വിതരണം (വനിത) പ്രോജക്ട് നമ്പർ 75/22 പ്രകാരം കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം (വനിത) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽസൂചിപ്പിച്ച മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17/21-22/21.10.22) മറുപടി നൽകിയിട്ടില്ല. വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിക്കാത്തതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

1-21 ടെണ്ടർ സ്വീകരിച്ച് സമയപരിധിക്കകം സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 116/21

പ്രോജക്ട് : തിരുവോട്ട് കണ്ടി താഴെ നമ്പ്രാംകുന്ന് റോഡ്

ബിൽ നമ്പർ, തുക : 5/12-07-2021 , 835,756/-

മേൽ പൊതുമരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ക്ഷെണിച്ച്, ടെണ്ടർ തുറന്ന് കരാറുകാരനെ പഞ്ചായത്ത് ഭരണസമിതി തിരഞ്ഞെടുത്തതിനു ശേഷം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാനുള്ള സമയപരിധി പാലിച്ചിട്ടില്ല. ഏകവർഷ പ്രോജക്ട് ആയ ഈ പ്രവൃത്തി തൻവർഷം പൂർത്തീകരിക്കാൻ സാധിക്കാതെ ഇതിനായി 2020-21-ൽ വകയിരുത്തിയ തുക ലാപ്സാവുകയാണുണ്ടായത്. തുടർ വർഷം സ്പിൽഓവർ പ്രോജക്ട് ആയി ഉൾപ്പെടുത്തേണ്ടിയും വന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കേണ്ടതാണ്. ഇവിടെ ചട്ടം അനുശാസിക്കുന്ന ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ.

| 1 | 2 | 3 | 4 | 5 | 6 | |
|---|---|---|---|---|---|---|
| | ടെണ്ടർ തിയ്യതി | ഭരണ സമിതി അംഗീകരിച്ച തിയ്യതി | സെലക്ഷൻ നോട്ടീസ് അയക്കേണ്ട തിയ്യതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട തിയ്യതി | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
| | 22-06-2020 | 09-07-2020 | 16-07-2020 | 09-08-2020 | 30-07-2020 | 21-08-2020 |

മേൽ കാണിച്ചതിൻ പ്രകാരം ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിനാൽ ആ വർഷം തന്നെ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും കരാർവെയ്ക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കാനും സാധിച്ചിട്ടില്ല.

കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഫയലിൽ നിന്നും ലഭ്യമല്ല.കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും സമയപരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിന് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7/2021-22ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം നൽകിയും രജിസ്റ്റേഡായി

സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

1-22 പൊതു മരാമത്ത് പ്രവൃത്തികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. നൊച്ചാട് ഗ്രാമപഞ്ചായത്ത് 2021-22 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 19-02-2021 തിയ്യതിയിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആകെ മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗിലൊന്നും തന്നെ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 5/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-23 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും, ഓരോ പ്രവർത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അളവു പുസ്തക സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 കുടിവെള്ള വൈദ്യുതി ചാർജ്ജ്:പലിശയടക്കം അടവാക്കി

പഞ്ചായത്തിലെ 15ാം വാർഡിൽപ്പെട്ട അരിയൂറ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് 29-02-2020മുതൽ അടവാക്കാത്തതിനാൽ കൊയിലാണ്ടി തഹസിൽദാർ അയച്ച റവന്യൂ റിക്കവറി നോട്ടീസിനെ തുടർന്ന് വൗച്ചർ നമ്പർ 22100894/5-01-2022 പ്രകാരം 12,238/- രൂപ അടവാക്കിയിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദാംശം ചുവടെ.

| | |
|---|---|
| മുതൽ സംഖ്യ | 8626 |
| പലിശ | 2867 |
| കലക്ഷൻ ചാർജ്ജ് | 575 |
| ഡി.എൻ എഫ് | 170 |
| ആകെ | 12,238 |

അരിയൂറ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജായ 8626/- രൂപ അടവാക്കേണ്ടതിനു പകരം, വൈദ്യുതി ചാർജ്ജ് യഥാസമയം അടവാക്കാത്തതിനാൽ 12,238/- രൂപ അടക്കേണ്ടിവന്നിരിക്കുകയാണ്. യഥാസമയം നടപടിയെടുക്കാത്തതിനാൽ 3612/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

സ.ഉ(കൈ)11/2018/തസ്വഭവ, തി.29.01.2018 പ്രകാരം കുടിവെള്ള പദ്ധതികൾ എഗ്രിമെന്റ് വെച്ച് ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറേണ്ടതാണ്. കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പും അറ്റകുറ്റപണിയുടെ ചുമതലയും ഗുണഭോക്തൃ കമ്മറ്റി നിർവ്വഹിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ ഗുണഭാക്താക്കളുടെ

ഇത്തരം ചെലവുകൾ തദ്ദേശഭരണസ്ഥാപനം വഹിക്കേണ്ടതാണ്. 50,000/- രൂപയിൽ അധികരിച്ചവരുന്ന അറ്റകുറ്റപ്പണികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. മേൽ തുക അടവാക്കുന്നതുമായി ബന്ധപ്പെട്ട് എ5/5640/21 നമ്പർ ഫയലിൽ, അരിയൂറ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ കമ്മറ്റി നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും മേൽ പദ്ധതി പ്രകാരം ജനങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്ന് കുറിപ്പെഴുതിയിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കി പ്രവർത്തനമാരംഭിക്കുന്ന കുടിവെള്ള പദ്ധതി കൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടാവാതെ പ്രവർത്തനരഹിതമായിപ്പോയത് ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്.

അരിയൂറ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ കമ്മറ്റിയുമായി വെച്ച എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കാനും മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി 3/2021-22ന് മറുപടി നൽകിയിട്ടില്ല.

മേൽ കുടിവെള്ള പദ്ധതികൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടാവാതെ പ്രവർത്തനരഹിതമായിപ്പോയത് ഓഡിറ്റിൽ വിശദീകരിക്കേണ്ടതും കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ കമ്മറ്റിയുമായി വെച്ച എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-25 സർക്കാർ നിർദ്ദേശം മറികടന്ന് ആർജ്ജിതാവധി സറണ്ടർ ചെയ്തു

പഞ്ചായത്തിലെ 9 സ്ഥിര ജീവനക്കാർ 2021 ജൂൺ മാസത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. വൗച്ചർ നമ്പർ 22100169/5-01-2022 പ്രകാരം 438,692/-രൂപയാണ് ഇതിനായി ചെലവഴിച്ചത്. വിശദാംശം ചുവടെ.

| | പേര് | സറണ്ടർ തുക |
|---|---|---|
| 1 | ഷബീന കെ പി | 74148 |
| 2 | രേണുക കെ വർമ്മ | 57054 |
| 3 | വനജ കെ കെ | 53058 |
| 4 | നൗഫല്ലുദ്ദീൻ ടി കെ | 49395 |
| 5 | അബ്ദുൽ റഷീദ് ആർ എം | 43623 |
| 6 | ദിവ്യ സി | 42513 |
| 7 | ഇ മുസ്തഫ | 50616 |

| | | |
|---|---|---|
| 8 | രേഷ്മ കെ കെ | 32765 |
| 9 | ഷീന എം സി (ലാസ്റ്റ് ഗ്രേഡ് ജീവനക്കാരി) | 35520 |
| | ആകെ | 438,692 |

സ.ഉ.(പി) നം.104/2021/ഫിൻ തി.26-07-2021 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് 01-06-2021 മുതൽ 6 മാസത്തേക്ക് മരവിപ്പിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശം മറികടന്ന് 2021 ജൂൺ മാസത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 25/2021-22ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വൗച്ചർ പ്രകാരം ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി ചെലവഴിച്ച 438,692/- രൂപയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിയായ ഷീന എം സിക്ക് നൽകിയ 35,520/- രൂപ കഴിച്ചുള്ള 403,172/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്ത പൊതുമരാമത്ത് പ്രൊജക്ടുകൾ നടപ്പിലാക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ഒരു പ്രോജക്ട് രൂപീകരിക്കപ്പെട്ടു വരുന്നതിന്റെ വിവിധങ്ങളായ നടപടി ക്രമങ്ങൾ സ.ഉ(കൈ)11/2018/തസ്വഭവ, തി.29.01.2018 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭ, ഊരുകൂട്ടം, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി, ആസൂത്രണ സമിതി, വികസന സമിതി, ഭരണ സമിതി എന്നീ വിവിധ ഘടകങ്ങളിൽ നിന്ന് ആസൂത്രണത്തിന്റേയും സാധ്യതകളുടേയും വിവിധ വശങ്ങൾ പരിശോധിച്ചുറപ്പുവരുത്തി കരട് പദ്ധതി രേഖയിൽ മാറ്റം വരുത്തിയാണ് അന്തിമ പദ്ധതിരേഖ ഭരണ സമിതി അന്തിമ അംഗീകാരം നൽകുന്നത്. ഇതുമാത്രം പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന, നടപ്പിൽ വരുത്തേണ്ട പദ്ധതികൾ ഉൾപ്പെട്ട അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്ത പൊതുമരാമത്ത് പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കിയിരിക്കുന്നു. അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്ത നടപ്പിലാക്കിയ പ്രോജക്ടുകൾ താഴെ കൊടുക്കുന്നു.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 99/22 | മമ്മിക്കുളം അങ്കണവാടി നിർമ്മാണം |
| 2 | 146/22 | ചെമ്പോളി താഴെ തോട് സംരക്ഷണം |
| 3 | 68/22 | പുറ്റാട് ഗ്രാമ കേന്ദ്രം മെയിന്റനൻസ് |

| | | |
|---|---|---|
| 4 | 147/22 | സ്റ്റോറേജ് ഷെഡിന് സമീപം ഡ്രയിനേജ് നിർമ്മിക്കൽ |
| 5 | 95/22 | നീലഞ്ചേരി താഴെ കക്കാട്ടമ്മൽ റോഡ് |
| 6 | 94/22 | കുഞ്ഞാലി മുക്ക് അരിയൂറ റോഡ് |
| 7 | 98/22 | അങ്കണവാടികളിൽ കുടിവെള്ള സൗകര്യം |
| 8 | 138/22 | സ്റ്റോറേജ് ഷെഡ് പൂർത്തീകരണം |
| 9 | 137/22 | കുടുംബാരോഗ്യ കേന്ദ്ര നവീകരണം |
| 10 | 171/22 | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ |
| 11 | 172/22 | മലയാളം ലൈബ്രറി കൽപ്പത്തൂർ പൊതു ശൗചാലയം നിർമ്മാണം |
| 12 | 66/22 | മൃഗാശുപത്രി മെയിന്റനൻസ് |
| 13 | 67/22 | വല്യക്കോട് അങ്കണവാടി മെയിന്റനൻസ് |
| 14 | 143/22 | രാമല്ലൂർ സബ്സെന്റർ ടോയ്‌ലെറ്റ് നിർമ്മാണം |
| 15 | 160/22 | നൊച്ചാട് ആയുർവേദ ഹോസ്പിറ്റൽ കോമ്പൗണ്ട് വാൾ നിർമ്മാണം |
| 16 | 148/22 | കൽപ്പത്തൂർ സബ്സെന്റർ നവീകരണം |
| 17 | 139/22 | തുമ്പൂർമുഴി പ്ലാന്റ് നിർമ്മാണം |
| 18 | 34/22 | തയ്യുല്ളപറമ്പ് മായഞ്ചേരിപ്പൊയിൽ റോഡ് |
| 19 | 37/22 | മായഞ്ചേരിപ്പൊയിൽ പന്ന്യംകോട് റോഡ് |
| 20 | 32/22 | കണിയാംകണ്ടി മീത്തൽ വടക്കയിൽ മീത്തൽ റോഡ് പുനരുദ്ധാരണം |

വിവിധ ഘടകങ്ങളിൽ പരിശോധിച്ചുറപ്പുവരുത്തി തയ്യാറാക്കേണ്ട പ്രോജക്ടുകൾക്ക പകരം യാതൊരു പരിശോധനയുമില്ലാതെ പെട്ടന്ന് ഉൾപ്പെടുത്തുന്ന ഇത്തരം പ്രോജക്ടുകൾ ജനകീയാസൂത്രണത്തിന്റെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല. ആവശ്യകതയും സുതാര്യതയും ഉറപ്പുവരുത്താതെ, അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്ത പ്രോജക്ടുകൾ നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/2021-22ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-27 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 10 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു.

| ക്രമ നം | കരാറുകാരൻ | പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | എം.എം.ബാലകൃഷ്ണൻ | 16 |
| 2 | നൗഫൽ.ടി.കെ | 118 |
| 3 | അബ്ദുറഹിമാൻ | 13 |
| 4 | ഗഫൂർ | 6 |
| 5 | കുഞ്ഞിമൊയ്തി | 19 |
| 6 | കാലിക്കറ്റ് കോ.ഓപ്പ് സൊസൈറ്റി | 1 |
| 7 | ഗിരീഷ് കുമാർ കോമത്ത് | 2 |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ്ധ അർദ്ധവിഗ്ദ്ധ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, ആവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 8/21-22/21.10.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതമായും കാര്യക്ഷമമായും

നടക്കുന്നവെന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-28 അഗതി രഹിത കേരളം പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. പദ്ധതി അടങ്കൽ 12182905 രൂപയാണ്. പദ്ധതിയിലെ സേവന പാക്കേജിൽ നിരവധി ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ഭക്ഷണത്തിനും വീട് റിപ്പയറിനും മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. പദ്ധതിയിൽ ആകെ 92 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 84 പേരാണ് ജീവിച്ചിരിപ്പുള്ളത്. 8 പേർ മരിച്ച് പോയതായി സി.ഡി.എസ് ചെയർപേഴ്സൺ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇവർക്ക് പ്രൊജക്റ്റിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൽപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21-22/21.10.22) മറുപടി നൽകിയിട്ടില്ല. സേവന പാക്കേജിൽ പരാമർശിച്ച എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-29 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണവും, അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടും പെൻഷൻ റദ്ദ് ചെയ്യാൻ കാലതാമസം ഉണ്ടാവുന്നു.

ഫയൽ നമ്പർ 160/22/20.4.22 പ്രകാരം വാർദ്ധക്യകാലപെൻഷൻ ഗുണഭോക്താവായിരുന്ന കുഞ്ഞമ്മത്.യു(പെൻഷൻ ഐ.ഡി.നമ്പർ 110220201302) 28.1.20ന് മരണപ്പെട്ട വിവരം 19.8.20ന് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും ജൂൺ 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സേവന പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായി കാണുന്നു. പഞ്ചായത്തിൽ മരണവിവരം രജിസ്റ്റർ ചെയ്തിട്ടും ജൂൺ 2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടില്ല.

ഒരേ സെക്ഷനിൽ തന്നെ ലഭ്യമാവുന്ന വിവരം പെൻഷൻ വിതരണത്തിന് ആധാരമാകുന്നില്ല എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

2. പെൻഷൻ റദ്ദ് ചെയ്യാൻ അപേക്ഷ ലഭിയ്ക്കുന്നതുവരെ പെൻഷൻ അർഹത പരിശോധിക്കപ്പെടുന്നില്ല.

പെൻഷൻ റദ്ദ് ചെയ്യാൻ ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 2037/22/25.8.22 നമ്പർ ഫയൽ പ്രകാരം വാർദ്ധക്യപെൻഷൻ കൈപ്പറ്റി വരുന്ന കോയക്കുട്ടി.പി, പെൻഷൻ ഐ.ഡി.നമ്പർ 110220201460 എന്ന ഗുണഭോക്താവ് 10.2.21ന് മരണപ്പെട്ട വിവരം 25.8.22വരെ പഞ്ചായത്തിൽ അറിവായിട്ടില്ല. സേവന പരിശോധിച്ചതിൽ നിന്നും ഫെബ്രുവരി 2021 മുതൽ ആഗസ്റ്റ് 2022 വരെ തുക കൈമാറാൻ സാധിച്ചില്ല എന്ന് സ്റ്റാറ്റസും റിമാർക്സിൽ Deceased എന്നും രേഖപ്പെടുത്തൽ കാണുന്നു. നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. ഒന്നര വർഷം മുമ്പ് മുതൽ തുക കൈമാറാൻ സാധിക്കാത്ത വിവരം സേവനയിൽ ലഭ്യമായിട്ടും ആയത് പരിശോധിച്ചതായി കാണുന്നില്ല. പെൻഷൻ റദ്ദ് ചെയ്യാൻ അപേക്ഷ ലഭിച്ചപ്പോൾ മാത്രമാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

ഫയൽ നമ്പർ 2813/22/12.10.22 പ്രകാരം വാർദ്ധക്യ പെൻഷൻ കൈപ്പറ്റി വരുന്ന കുഞ്ഞിരാമൻ, പെൻഷൻ ഐ.ഡി.നമ്പർ 110220201677 എന്ന ഗുണഭോക്താവ് 22.9.21ന് മരണപ്പെട്ട വിവരം 12.10.22വരെ പഞ്ചായത്തിൽ അറിവായിട്ടില്ല. ആഗസ്റ്റ് 2022 വരെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. 14.10.22 ന് 2021 സെപ്റ്റംബർ മാസം മുതൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലുള്ള പെൻഷൻ തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ബാങ്കിന് കത്ത് അയച്ചിട്ടുള്ളതായി കാണുന്നു. സേവന പരിശോധിച്ചതിൽ നിന്നും നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിട്ടില്ല. അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടുമില്ല.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ

ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നിശ്ചിത കാലയളവിൽ പെൻഷനർമാരുടെ സേനയിലെ സ്റ്റാറ്റസ് പരിശോധനക്ക് വിധേയമാക്കേണ്ടതും ആയതിനനുസരിച്ച് പെൻഷൻ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. ഇത്തരത്തിൽ പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് , പലപ്പോഴും മരണ വിവരങ്ങൾ യഥാസമയം ലഭിക്കാറില്ല (പ്രത്യേകിച്ചും ഗ്രാമ പഞ്ചായത്തിന് പുറത്തു നടക്കുന്ന മരണങ്ങൾ) എന്നും മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനും, എക്കൗണ്ടിലുള്ള തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് പരാമർശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഇത്തരം കാലതാമസം ഇനി ഉണ്ടാവാത്ത തരത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറെ കൂടി ഉൾപ്പെടുത്തി അങ്കണവാടി ജീവനക്കാരിൽ നിന്നും ആശാവർക്കർമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് പെൻഷൻ വിവരങ്ങൾ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിച്ച് കാലികമാക്കി അറിയിക്കേണ്ടതാണ്.

1-30 അങ്കണവാടികൾക്ക് നെയിംബോർഡ് - അധിക തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കാൻ നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
|---|---|
| പ്രോജക്ട് നം. | 69/22 |
| അടങ്കൽ | 81000/- |
| ഫണ്ട് | തനത് |
| ചെലവ് | 61776/- |
| ബിൽനം. തി. | 77/22/31.3.22 |

ക്വട്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. 11 സ്ഥാപനങ്ങളാണ് ക്വട്ടേഷൻ നൽകിയത്.

ഇതിൽ ഒരു ബോർഡിന് 2288/- രൂപ ക്വോട്ട് ചെയ്ത സ്കനാർട്ട് എന്ന സ്ഥാപനത്തിനാണ് ഓർഡർ നൽകിയത്. എന്നാൽ കെ.പി ഫർണ്ണീച്ചർ എന്ന സ്ഥാപനം ഒരു ബോർഡിന് 1748/- രൂപ ക്വാട്ട് ചെയ്തിരുന്നു. കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടുതൽ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. 25.06.21 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം 5 പ്രകാരം ക്വട്ടേഷൻ മുഖേന ബോർഡുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റേറ്റ് സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/21-22/21.10.22) മറുപടി നൽകിയിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 61776/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-31 എസ്.എസ്.കെ വിഹിതം വകയിരുത്തിയതിൽ കുറവ്

പ്രോജക്ട് നമ്പർ- 09/2021-22

വകയിരുത്തിയ തുക-700000 (വികസനഫണ്ട്)

ചെലവുതുക- 700000 (ബിൽ നമ്പർ- 84/2021-22 തീ.13.09.2021)

നിർവഹണം - സെക്രട്ടറി

എസ്.എസ്.കെ യുടെ വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനു വേണ്ടിയുള്ള മേൽ പ്രോജക്ട് പ്രകാരം 700000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസ് എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സ.ഉ.എം.എസ്.11/18 ത.സ്വ.ഭ.വ. 29.1.2018 ഖണ്ഡിക 7.6 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. യൂണിഫോം, പാഠപുസ്തകങ്ങൾ, അധ്യാപക പരിശീലനം, പഠനപോഷണ പരിപാടികൾ, തുടങ്ങിയ ചെലവുകളുടെ 40% വിഹിതമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി നിർദ്ദേശിച്ചിട്ടുള്ളത്. 2021-22 വർഷം 19.5 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി അടക്കാനാവശ്യപ്പെട്ടെങ്കിലും 7 ലക്ഷം രൂപ മാത്രമാണ് അടച്ചത്. ഭാഗികമായി നൽകാനുള്ള കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

1-32 പദ്ധതി തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്ന് ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |
| പ്രോജക്ട് നം. | 81/22 |

| | |
|---|---|
| അടങ്കൽ | 100000/- |
| ഫണ്ട് | M.G.(NR) |
| ചെലവ് | 100000/- |
| ബിൽനം. തി. | 441/22/20.1.22 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുവരെ മരുന്ന ലഭിച്ചിട്ടില്ല. മരുന്നകൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21-22 /21.10.22) മറുപടി സമർപ്പിച്ചിട്ടില്ല. ഓർഡർ നൽകിയ മുഴുവൻ മരുന്നുകളും ലഭിച്ചുവെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നമ്പർ 136/2021-22 പ്രകാരം 11 മിനിമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കിയ വകയിൽ 117260 രൂപയുടെ ബിൽ സമർപ്പിക്കുകയും തൻ വർഷം 50000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം 14100 രൂപ വൈദ്യുതി ചാർജിനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കി വരുന്നതായും കാണുന്നു.

എന്നാൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രകാശിപ്പിക്കുന്ന തെരുവ് വിളക്കുകളുടെ ആകെ എണ്ണം, അതിൽ എൽ ഇ ഡി വിളക്കുകളുടെ എണ്ണം, എൽ ഇ ഡി അല്ലാത്തവയുടെ എണ്ണം, ഹൈമാസ്റ്റ് മിനിമാസ് വിളക്കുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഈ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച തുകയുടെ ആവശ്യകത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന നവീകരണങ്ങളുടെ അഭാവത്തിൽ ചെലവുകൾ നടത്തുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 101/22 |

| | |
|---|---|
| അടങ്കൽ | 400000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 400000/- |
| ബിൽനം.തി | 122/22.11.21 |

പദ്ധതിയുടെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത HEADCO പന്തീരാങ്കാവ് കോഴിക്കോട് എന്ന സ്ഥാപനത്തിന് ഓർഡർ ലഭിച്ചു. ഇതു പ്രകാരം AQUATECH കമ്പനിയുടെ 500 ലിറ്റർ വാട്ടർ ടാങ്കായിരുന്നു വിതരണം ചെയ്യേണ്ടത്. ഇതിന് 4000/- രൂപയാണ് ക്വോട്ട് ചെയ്തത്. എന്നാൽ വിതരണം ചെയ്തത് AQUATECH ന് പകരം OCEAN കമ്പനിയുടെ 100 വാട്ടർ ടാങ്കുകളാണ്. ഇതിന്റെ വിലയായി ക്വോട്ട് ചെയ്തത് 3680/- രൂപയാണ്. ടെണ്ടറിൽ പങ്കെടുത്ത വിക്ടോറിയ പോളിഫങ്ഷൻ എന്ന സ്ഥാപനം OCEAN കമ്പനിയുടെ വാട്ടർ ടാങ്കിന് ക്വോട്ട് ചെയ്തത് 3250/- രൂപയാണ്. 30.09.21 ലെ ഭരണ സമിതി യോഗം 2/21 നമ്പർ തീരുമാനപ്രകാരം HEADCO യുടെ AQUATECH വാട്ടർ ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടെണ്ടറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിക്കാതെയാണ് ഈ തീരുമാനമെടുത്തതെന്ന് വ്യക്തമാണ്. കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ടാങ്ക് വാങ്ങാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21-22/21.10.22) മറുപടി നൽകിയിട്ടില്ല. കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ വാട്ടർ ടാങ്ക് വാങ്ങാത്തത് മൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് 43000 രൂപയുടെ ((3680-3250)X100) നഷ്ടമുണ്ടായിട്ടുണ്ട്. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 101/22 |

| | |
|---|---|
| അടങ്കൽ | 400000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 400000/- |
| ബിൽനം.തി | 122/22.11.21 |

പദ്ധതിയുടെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത HEADCO പന്തീരാങ്കാവ് കോഴിക്കോട് എന്ന സ്ഥാപനത്തിന് ഓർഡർ ലഭിച്ചു. ഇതു പ്രകാരം AQUATECH കമ്പനിയുടെ 500 ലിറ്റർ വാട്ടർ ടാങ്കായിരുന്നു വിതരണം ചെയ്യേണ്ടത്. ഇതിന് 4000/- രൂപയാണ് ക്വോട്ട് ചെയ്തത്. എന്നാൽ വിതരണം ചെയ്തത് AQUATECH ന് പകരം OCEAN കമ്പനിയുടെ 100 വാട്ടർ ടാങ്കുകളാണ്. ഇതിന്റെ വിലയായി ക്വോട്ട് ചെയ്തത് 3680/- രൂപയാണ്. ടെണ്ടറിൽ പങ്കെടുത്ത വിക്ടോറിയ പോളിഫങ്ഷൻ എന്ന സ്ഥാപനം OCEAN കമ്പനിയുടെ വാട്ടർ ടാങ്കിന് ക്വോട്ട് ചെയ്തത് 3250/- രൂപയാണ്. 30.09.21 ലെ ഭരണ സമിതി യോഗം 2/21 നമ്പർ തീരുമാനപ്രകാരം HEADCO യുടെ AQUATECH വാട്ടർ ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടെണ്ടറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിക്കാതെയാണ് ഈ തീരുമാനമെടുത്തതെന്ന് വ്യക്തമാണ്. കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ടാങ്ക് വാങ്ങാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21-22/21.10.22) മറുപടി നൽകിയിട്ടില്ല. കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ വാട്ടർ ടാങ്ക് വാങ്ങാത്തത് മൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് 43000 രൂപയുടെ ((3680-3250)X100) നഷ്ടമുണ്ടായിട്ടുണ്ട്. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2021-22 | ഓഡിറ്റ് ചെയ്ത തീയതികളിൽ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 60,000 | കതിരണിയും നൊച്ചാട് കളം നിറയും നൊച്ചാട് | 60,000 | |
| | | 1,20,000 | മുട്ട ഗ്രാമം പദ്ധതി | 1,20,000 | |
| | | 495000 | പശു ഗ്രാമം | 495000 | |
| | | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 5,00,000 | |
| | | 4,50,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പും ബത്തയും | 4,50,000 | |
| | | 833400 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | 833400 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 424729 | മിൽക്ക് ഇൻസന്റീവ് | 424729 | |
| | | 70,000 | കതിരണിയും നൊച്ചാട് കളം നിറയും നൊച്ചാട് സമഗ്ര നെൽകൃഷി വികസന പദ്ധതി | 70,000 | |
| | | 205000 | മാനസിക | 205000 | |

| | | | | | |
|---|---|---|---|---|---|
| | | | ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പും ബത്തയും | | |
| | | 40,000 | കതിരണിയും നൊച്ചാട് കളം നിറയും നൊച്ചാട് | 40,000 | |
| | | 550000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 550000 | |
| | | 60000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പും ബത്തയും | 60000 | |
| | | 600000 | എരഞ്ഞിമുക്ക് മേയനത്താഴ പി.എച്ച്.സി റോഡ് | 600000 | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായപ | | 2021-22 | 1,00,000 | 1,26,97,250 | 16,28,000 | | 1,11,69,250 |

4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 31,34,142 |
| തൻവർഷം നിക്ഷേപിച്ച തുക | 2,66,402 |
| ആകെ | 34,00,544 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല. |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 34,00,544 (3400544 +10000 രൂപ EMS Hospital Share) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് FD | | 1 വർഷം | 34,00,544 | |
| 2 | EMS ആശുപത്രി ഷെയർ | | | 10,000 | |
| ആകെ | | | | 34,00,544 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 66491 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-7(1b) | 3120 | ചന്ദ്രൻ തട്ടാൻകണ്ടി | 12101010658-16.1121 |
| 2019-20 | 1-11(2) | | | |

| | | | | |
|---|---|---|---|---|
| 2020-21 | 1-11(1) | | | |
| 2018-19 | 1-7(1b) | 4320 | സിദ്ധിഖ് ഇല്ലിക്കുന്നുമ്മൽ | 121010101673-17.11.21 |
| 2019-20 | 1-11(2) | | | |
| 2020-21 | 1-11(1) | | | |
| 2020-21 | 1-11(1) | 3000 | സന്തോഷ് കുമാർ കെ കെ | 121010101943-06.12.21 |
| 2019-20 | 1-11(2) | 1800 | രതീഷ്.എൻ.കെ | 121010101949-06.12.21 |
| 2019-20 | 1-11(2) | 3000 | ഹമീദ് കെ എം | 121010101950-06.12.21 |
| 2019-20 | 1-11(2) | 4200 | മുഹമ്മദ് അസ്‌ലം | 121010101951-06.12.21 |
| 2019-20 | 1-11(2) | 3600 | അബ്ദുൽ സലാം | 121010101994-08.12.21 |
| 2020-21 | 1-11(1) | 3600 | അബ്ദുൽ സലാം | 121010101995-08.12.21 |
| 2007-08 | | 1248 | ബീന കെ കെ | 121010102844-12.01.22 |
| 2007-08 | | 199 | ലക്ഷ്മി കെ കെ | 121010102845-12.01.22 |
| 2019-20 | 1-11(1) | 2700 | ബവീഷ് | 121010103338-02.02.22 |
| 2020-21 | 1-11(1) | 3600 | ബവീഷ് | 121010103339-02.02.22 |
| 2020-21 | 1-11(1) | 3000 | കുഞ്ഞമ്മദ് പടിയങ്ങൽ | 121010104110-07.03.22 |
| 2018-19 | 2-1(1) | 29104 | ബിജു സി കെ | 121020900092-31.03.22 |
| 2019-20 | 1-11(1) | | | |
| 2020-21 | 1-11(1) | | | |
| | | 66491 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14.119 | കുടിവെള്ള ജലസേചന പദ്ധതികൾ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | | വീട് റിപ്പയർ ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5-211 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,13,46,293 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,99,92,221 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,94,704 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 43,000 | ശ്രീമതി.ഷെബീന.കെ.പി, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,29,756 | നൈന പി ശിവൻ, വി.ഇ.ഒ |
| 1-25 | 403172 | ശ്രീ. പി. നാരായണൻ, സെക്രട്ടറി, |
| 1-30 | 61776 | ഷഹിൻ പി, ഐസിഡിഎസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും

വിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.നാരായണൻ, സെക്രട്ടറി | സെക്രട്ടറി, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | പുല്യക്കിൽ ഹൗസ്, കായണ്ണ ബസാർ-673 525 |
| ശ്രീമതി.ഷെബീന.കെ.പി, അസിസ്റ്റന്റ് സെക്രട്ടറി | അസി.സെക്രട്ടറി, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | ദേവരാഗം (ഹൗസ്) പേരാമ്പ്ര പി.ഒ 673 525 |
| നൈന പി ശിവൻ, വി.ഇ.ഒ | വി.ഇ.ഒ, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | വർണകമലം, മരക്കാട്ടുനിലം, വേങ്ങേരി.പി.ഒ |
| ഷഹിൻ.പി, ഐസിഡിഎസ് | ഐസിഡിഎസ്, നൊച്ചാട് ഗ്രാമ പഞ്ചായത്ത് | തണ്ണിക്കണ്ടങ്ങൽ വലിയ പറമ്പ്, കൊടുവള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/2022 തീ.29.9.22 | 1 (3) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/2022 തീ.29.9.22 | 1 (3-19) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/383(10)/2022 തീ.29.9.22 | 7 (2-3, 2-5, 3-1, 3-7, 3-8 3-9, 3-18) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/383(11)/2022 തീ.29.9.22 | 4 (2-2(1,4), 3-3, 3-11, 3-20) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/383(12)/2022 തീ.30.9.22 | 3 (3-9, 3-11(1, 3), 3-12) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/383(13)/2022 തീ.30.9.22 | 13 1-3(7), 1-7(ഡി), 1-8(3, 4ബി), 1-11, 1-13(2) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി1/94/2022 തീ.21.4.22 | 1-1, 1-2(1, 3, 4, 7, 8, 9, 11, 13, 15, 16, 17, 18, 19), 1-4-5, 1-11, 1-13, 1-14, 1-16, 1-19, 1-20, 1-21, 1-22, 1-23, 3-1, 4-8, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി1/90/2022 തീ.18.5.22 | 1-1, 1-2-2, 1-2-10, 1-2-12, 1-2-13, 1-2-15, 1-2-16, 1-2-17, 1-2-18, 1-2-20, 1-2-21, 1-4-1, 1-6, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-24, 1-26, 1-31, 1-33, 1-34, 4-8, 4-10, |

| | | | |
|---|---|---|---|
| | | 4-11 | |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്